## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5625** | **27.10.2011 ലെ മറുപടിക്ക്**

### നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എത്ര വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

എ) 1693 വായ്പാ സഹകരണ സംഘങ്ങൾ (പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ തുടങ്ങിയവ) നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | | എണ്ണം |
|---|---|---|
| തിരുവനന്തപുരം | : | 190 |
| കൊല്ലം | : | 110 |
| പത്തനംതിട്ട | : | 120 |
| ആലപ്പുഴ | : | 246 |
| കോട്ടയം | : | 165 |
| ഇടുക്കി | : | 79 |
| എറണാകുളം | : | 85 |
| തൃശ്ശൂർ | : | 144 |
| പാലക്കാട് | : | 159 |
| മലപ്പുറം | : | 85 |
| കോഴിക്കോട് | : | 78 |
| വയനാട് | : | 24 |
| കണ്ണൂർ | : | 149 |
| കാസർഗോഡ് | : | 59 |
| **ആകെ** | : | **1693** |

ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ നഷ്ടത്തിന്റെ കാരണം കണ്ടെത്തി ലാഭകരമാക്കുന്നതിനും നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

ബി) വായ്പാ കുടിശ്ശിക വർദ്ധിക്കുന്നത് സംഘങ്ങൾ നഷ്ടത്തിലാകുന്നതിന് കാരണമാകുന്നുണ്ട്. അതോടൊപ്പം ദുർചെലവുകളും, വരവിനെ അധികരിച്ച് ശമ്പള ഇനത്തിലും മറ്റും ഉണ്ടാകുന്ന വർദ്ധനവും നഷ്ടത്തിന് പ്രധാനമായും കാരണമാകുന്നു. വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി "ആശ്വാസ്-2011" പോലെയുള്ള കുടിശ്ശിക നിവാരണ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നത് സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്. ദുർബലമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതിയിനത്തിൽ 150 ലക്ഷം രൂപ 2011-2012 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി, സംഘങ്ങൾ നടത്തുന്ന സംസ്കരണ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനും നിലവിൽ പദ്ധതിയുണ്ട്. ഓഫീസ് നവീകരണം നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പൂർണ്ണമായും സ്വന്തം ഫണ്ട് ഉപയോഗിക്കുവാൻ സാഹചര്യമില്ലാത്ത സംഘങ്ങൾക്ക് ധന സഹായം അനുവദിക്കുന്നതിനുള്ള പദ്ധതികൾ എൻ.സി.ഡി.സി. മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിക്ഷേപത്തിന് ആനുപാതികമായി വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും സംഘങ്ങളുടെ തൻചെലവുകൾ കുറയ്ക്കുന്നതിനും സംഘങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിശ്ശികയായ വായ്പാ തുകകൾ ഈടാക്കുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സംഘം ജീവനക്കാരുടെ അഴിമതിയും ഭരണ സമിതി അംഗങ്ങളുടെ കെടുകാര്യസ്ഥതയും നിമിത്തം സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കാറുണ്ട്. ആയത് സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തി, കുറ്റക്കാരായവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള വകുപ്പ് തല നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സി) നഷ്ടത്തിലായ പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ?

സി) ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടത് സംഘം ഭരണ സമിതിയും, സംഘം ജീവനക്കാരുമാണ്. സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ആദായം വർദ്ധിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യഥാവിധി നടപടി ക്രമങ്ങൾ പാലിച്ച് അപേക്ഷകൾ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ലഭിക്കുകയാണെങ്കിൽ ടി പദ്ധതികൾക്ക് ധന സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**